(ഡി) വ്യാജരേഖ ചമച്ചാണ് പ്രസ്തുത അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പുറത്താക്കിയതെന്നും പിരിച്ചുവിട്ട നടപടി തെറ്റാണെന്നും ഡി.പി.ഐ. റിപ്പോർട്ട് നൽകിയിട്ടും മുൻ ഡി.ഡി.ഇ.-യും സ്കൂൾ പ്രധാന അദ്ധ്യാപികയും ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഇ) കെ. കെ. അനീഷിന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടിയെടുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. മാനേജ്മെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) നിലവിൽ ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിലെ മാനേജർ (പവർ ഓഫ് അറ്റോർണി) ശ്രീ. സെയ്തലവിക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കൈക്കൊണ്ട അച്ചടക്ക നടപടി, ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 12118/2015-ന്റെ 28-7-2015-ലെ വിധിന്യായ പ്രകാരം തടഞ്ഞിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) സർവ്വീസിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലാ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. പ്രധാനാദ്ധ്യാപിക ശ്രീമതി സുധ. പി. നായർക്കെതിരെയുള്ള അച്ചടക്ക നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ തുടർന്നു വരുന്നു.

(ഇ) ഇല്ല.

അടൂർ വിദ്യാഭ്യാസ ജില്ല

65 (1141) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഹെഡ്മാസ്റ്റർമാർക്ക് ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും, ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിനാൽ അനുമതി നൽകുകയുണ്ടായില്ല. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലാണ് അടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത്.

ഡയറ്റ് അദ്ധ്യാപകരുടെ പ്രൊമോഷൻ

66 (1142) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റിലെ കല - കായിക അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡയറ്റ് അദ്ധ്യാപകരുടെ നിയമനം, പ്രൊമോഷൻ ഇവയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; എങ്കിൽ എന്നാണ് പ്രസ്തുത റൂൾ നിലവിൽ വന്നത് ;

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു ശേഷവും എം.എഡ്. യോഗ്യത ഇല്ലാത്ത അദ്ധ്യാപകർക്ക് അവരുടെ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ച് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എങ്കിൽ 20-ഉം 25-ഉം വർഷം സർവ്വീസുള്ളവരും റിട്ടയർമെന്റിന് ആറുമാസം മാത്രം ബാക്കിയുള്ളവരുമായ അദ്ധ്യാപകർക്ക് അർഹതപ്പെട്ട പ്രൊമോഷൻ സ്പെഷ്യൽ റൂളിൽ ഇളവ് വരുത്തി നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കലാ കായിക അദ്ധ്യാപകരുടെ സീനിയർ ലക്ചറർ തസ്തിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റുകളിൽ നിലവിലില്ല. ആയതിനാലാണ് പ്രൊമോഷൻ നൽകാതിരുന്നത്.

(ബി) ഉണ്ട്. നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് 26-2-2011-ലെ G.O(P)No.58/2011/G.Edn., 26-02-2011-ലെ G.O(P)No.57/2011/G.Edn. എന്നീ സ്പെഷ്യൽ റൂളുകൾ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) ആവശ്യമെങ്കിൽ സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly